# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 923 28.04.2017 -ൽ മറുപടിക്ക്

### മലയാളം നിർബന്ധമായി പഠിപ്പിക്കണമെന്ന ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.ജോൺ ഫെർണാണ്ടസ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ | മാതൃഭാഷാ പോഷണത്തിനായി സംസ്ഥാനത്തെ ഹൈസ്കൂൾ തലം വരെയുള്ള എല്ലാ ക്ലാസുകളിലും മലയാളം നിർബന്ധമായി പഠിപ്പിക്കണമെന്ന ഉത്തരവ് നൽകിയിട്ടുണ്ടോ ; | എ | മാതൃഭാഷ പോഷണത്തിനായി സംസ്ഥാനത്തെ സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ മലയാളം നിർബന്ധ ഭാഷയാക്കിക്കൊണ്ട് 01.09.2011 ൽ സ.ഉ (പി) നമ്പർ 183/2011/പൊ.വി.വ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| ബി | ഈ ഉത്തരവ് നടപ്പാക്കുന്നതിൽ വൈമനസ്യമോ സാങ്കേതിക തടസ്സമോ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | ബി | സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ ബോർഡുകളുടെ കീഴിലുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് ചില സ്കൂൾ അധികൃതർ വൈമനസ്യം കാട്ടിയിട്ടുണ്ട്. ഇത്തരം ചില സ്കൂളുകളിൽ മലയാളം പറയുന്ന കുട്ടികൾക്കു നേരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നു എന്ന തരത്തിൽ പരാതികളും ലഭിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകൾ ഉൾപ്പെടെയുള്ള മുഴുവൻ സർക്കാർ/ എയ്ഡഡ്/ |

| | | | |
|---|---|---|---|
| | | | അൺ എയ്ഡഡ് സ്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് നിയമ നിർമ്മാണം നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിനായി 10.04.2017 ന് 705-ാം നമ്പരായി ഓർഡിനൻസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ബിൽ നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കാനാണുദ്ദേശിക്കുന്നത്. |
| സി | സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ കൂടി മലയാളം നിർബന്ധമാക്കി പഠിപ്പിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് മലയാളഭാഷാ പഠനം വ്യാപിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | സി | ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| | | | |

സെക്ഷൻ ഓഫീസർ